# കാലിക്കറ്റ് സർവകലാശാല
## പബ്ലിക് റിലേഷൻസ് വിഭാഗം

**പത്രക്കുറിപ്പ്**
**2026 സെപ്റ്റംബർ 03** **website: [www.uoc.ac.in](http://www.uoc.ac.in)**

---

### കാലിക്കറ്റ് സർവകലാശാലയിലെ പേപ്പർലെസ് സംരംഭം: രണ്ടാംഘട്ട ഡിജിറ്റൈസേഷന് തുടക്കമായി

കാലിക്കറ്റ് സർവകലാശാല പ്രവർത്തനങ്ങൾ പേപ്പർലെസ് ആക്കുന്നതിന്റെ രണ്ടാംഘട്ട ഡിജിറ്റൈസേഷൻ പദ്ധതിക്ക് തുടക്കമായി. ഉദ്ഘാടനം പ്രോ വൈസ് ചാൻസലർ ഡോ. പി. റഷീദ് അഹമ്മദ് നിർവഹിച്ചു. പരീക്ഷാ കൺട്രോളർ ഡോ. പി. സുനോജ് കുമാർ, പരീക്ഷാ ഭവനിലെ മറ്റ് ജീവനക്കാർ തുടങ്ങിയവർ പങ്കെടുത്തു. രണ്ടാംഘട്ടത്തിന്റെ പ്രാഥമിക പ്രവർത്തനമായി പരീക്ഷാഭവനിൽ സൂക്ഷിച്ചിട്ടുള്ള ടാബുലേഷൻ രജിസ്റ്ററുകളും അനുബന്ധ രേഖകളും ഡിജിറ്റൈസ് ചെയ്യാനാണ് പദ്ധതി. വർഷങ്ങളായി സർവകലാശാലയുടെ പരീക്ഷാ രേഖകളായി സൂക്ഷിച്ചുവരുന്ന ടാബുലേഷൻ രജിസ്റ്ററുകൾ ഡിജിറ്റൽ രൂപത്തിലേക്ക് മാറ്റുന്നതിലൂടെ രേഖകളുടെ സംരക്ഷണം, വേഗത്തിലുള്ള വിവരശേഖരണം, ആവശ്യമായ രേഖകൾ എളുപ്പത്തിൽ ലഭ്യമാക്കൽ എന്നിവ സാധ്യമാകും. കേന്ദ്ര സർക്കാർ സ്ഥാപനമായ ഐ.ടി.ഐ. ലിമിറ്റഡിനാണ് (പാലക്കാട്) ഡിജിറ്റൈസേഷൻ പദ്ധതിയുടെ നിർവഹണ ചുമതല. സർവകലാശാലയുടെ വിവിധ രേഖകൾ ഡിജിറ്റൽ രൂപത്തിലേക്ക് മാറ്റുന്നതിലൂടെ പേപ്പർ ഉപയോഗം കുറയ്ക്കുന്നതിനും ഭരണ അക്കാദമിക പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമവും സുതാര്യവുമാക്കുന്നതിനും സാധിക്കും.

***ഫോട്ടോ** : കാലിക്കറ്റ് സർവകലാശാല പ്രവർത്തനങ്ങൾ പേപ്പർലെസ് ആക്കുന്നതിന്റെ രണ്ടാംഘട്ട ഡിജിറ്റൈസേഷൻ പദ്ധതി പ്രോ വൈസ് ചാൻസലർ ഡോ. പി. റഷീദ് അഹമ്മദ് ഉദ്ഘാടനം ചെയ്യുന്നു. പരീക്ഷാ കൺട്രോളർ ഡോ. പി. സുനോജ് കുമാർ, പരീക്ഷാഭവനിലെ ജീവനക്കാർ തുടങ്ങിയവർ സമീപം.*

***പി.ആർ. 1245/2026***

### സംരംഭകർക്ക് മാനേജ്മെന്റ് എഫിഷ്യൻസി പ്രോഗ്രാം

കാലിക്കറ്റ് സർവകലാശാലാ കൊമേഴ്സ് ആന്റ് മാനേജ്മെന്റ് പഠനവകുപ്പ് ഫോക്കൽ പോയന്റ് സൊല്യൂഷൻസ്, അനഹാ ട്രസ്റ്റ് എന്നിവയുടെ സഹകരണത്തോടെ സെപ്റ്റംബർ 10, 11, 12 തീയതികളിൽ സംരംഭകർക്കുള്ള പ്രായോഗിക പരിശീലന പരിപാടി സംഘടിപ്പിക്കും. ബിസിനസിന്റെ വളർച്ചക്ക് നിർമ്മിത ബുദ്ധി, സാങ്കേതിക വിദ്യ എന്നിവ എങ്ങനെ ഫലവത്തായി ഉപയോഗിക്കാം എന്നതിൽ പരിശീലനം നൽകും. കാലിക്കറ്റ് സർവകലാശാലാ തേഞ്ഞിപ്പലം ക്യാമ്പസിൽ മൂന്ന് ദിവസങ്ങളിലായി രാവിലെ 10.00 മുതൽ വൈകീട്ട് 05.00 വരെയാണ് ക്ലാസുകൾ. നിലവിൽ സംരംഭം നടത്തുന്നവർക്കും അവർ നിർദ്ദേശിക്കുന്ന ജീവനക്കാർക്കും മാത്രമായിരിക്കും പ്രവേശനം. പരിശീലനാർത്ഥികൾ ലാപ്ടോപ്പ് സ

ഹിതം ഹാജരാകണം. പരിശീലനം പൂർത്തിയാക്കുന്നവർക്ക് സർട്ടിഫിക്കറ്റ് ലഭിക്കും. തിരഞ്ഞെടുക്കപ്പെടുന്ന 30 പേർക്ക് മാത്രമാണ് പ്രവേശനം. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 8590195571.

*പി.ആർ. 1246/2026*

**ഇൻസ്ട്രക്ടർ**
**വാക് - ഇൻ - ഇന്റർവ്യൂ**

കാലിക്കറ്റ് സർവകലാശാലാ എഞ്ചിനീയറിങ് കോളേജിലെ (ഐ.ഇ.ടി.) - കമ്പ്യൂട്ടർ സയൻസ് ആന്റ് എഞ്ചിനീയറിങ് പഠനവകുപ്പിൽ ഇൻസ്ട്രക്ടർ തസ്തികയിലേക്ക് ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നടത്തുന്നു. രണ്ട് ഒഴിവാണുള്ളത്. വാക് - ഇൻ - ഇന്റർവ്യൂ സെപ്റ്റംബർ 11-ന് നടക്കും. കേന്ദ്രം : സർവകലാശാലാ എഞ്ചിനീയറിങ് കോളേജ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ www.uoc.ac.in .

*പി.ആർ. 1247/2026*

**ഇന്റർ യൂണിവേഴ്സിറ്റി ട്രാൻസ്ഫർ**
**ലേറ്റ് രജിസ്ട്രേഷൻ**

2026 - 2027 അധ്യയന വർഷത്തെ നാലുവർഷ ബിരുദ പ്രോഗ്രാമുകളുടെ മൂന്ന്, അഞ്ച് സെമസ്റ്ററുകളിലേക്ക് ഇന്റർ യൂണിവേഴ്സിറ്റി ട്രാൻസ്ഫറിന് ലേറ്റ് രജിസ്ട്രേഷൻ ചെയ്യുന്നതിനുള്ള സൗകര്യം സെപ്റ്റംബർ 08-ന് വൈകീട്ട് 04.30 വരെ ലഭ്യമാകും. രജിസ്ട്രേഷൻ ഫീസ് എസ്.സി. / എസ്.ടി. - 570 രൂപ. മറ്റുള്ളവർ - 870 രൂപ. 17.07.2026 തീയതിയിലെ ഇന്റർ യൂണിവേഴ്സിറ്റി ട്രാൻസ്ഫർ വിജ്ഞാപനപ്രകാരം നേരത്തെ അപേക്ഷിച്ച് ക്യാപ് ഐ.ഡി. നേടിയവർ 350 രൂപ ലേറ്റ് ഫീ അടയ്ക്കണം. കേരളത്തിലും കേരളത്തിന് പുറത്തുമുള്ള സർവകലാശാലകളിലെ (ഓട്ടോണമസ് കോളേജുകൾ ഉൾപ്പടെ) നാലുവർഷ ബിരുദ പ്രോഗ്രാമുകളിൽ പഠിക്കുന്ന വിദ്യാർഥികൾക്ക് കാലിക്കറ്റ് സർവകലാശാലാ അഫിലിയേറ്റഡ് കോളേജുകളിലേക്ക് അപേക്ഷിക്കാം. അപേക്ഷകർ മുൻ സെമസ്റ്ററുകളിലെ മുഴുവൻ പേപ്പറുകളും വിജയിച്ചിരിക്കണം. മൂന്നാം സെമസ്റ്ററിലേക്കുള്ള ട്രാൻസ്ഫറിനൊപ്പം മേജർ സ്വിച്ചിങ്ങിനും അവസരമുണ്ട്. ഇതിനായി തെരഞ്ഞെടുക്കുന്ന മൈനർ പേപ്പറിന് കുറഞ്ഞത് 4 ക്രെഡിറ്റും എം.ഡി.സി. പേപ്പറിന് കുറഞ്ഞത് 3 ക്രെഡിറ്റും നേടിയിരിക്കണം. അഞ്ചാം സെമസ്റ്ററിലേക്ക് മേജർ നിലനിർത്തിക്കൊണ്ടുള്ള കോളേജ് ട്രാൻസ്ഫർ മാത്രമാണ് അനുവദിക്കുക. സർവകലാശാലയ്ക്ക് കീഴിലുള്ള അഫിലിയേറ്റഡ് കോളേജുകളുമായി നേരിട്ട് ബന്ധപ്പെട്ട് സീറ്റ് ലഭ്യതയ്ക്കും യോഗ്യതയ്ക്കും വിധേയമായി ട്രാൻസ്ഫർ നേടാവുന്നതാണ്. ട്രാൻസ്ഫർ ലഭിക്കുന്ന വിദ്യാർഥികൾ ഓൺലൈൻ ക്യാപ് ഐ.ഡി. രജിസ്ട്രേഷൻ പൂർത്തിയാക്കണം. ഒരേ പ്രോഗ്രാമിലേക്ക് ഒന്നിലധികം അപേക്ഷകരുണ്ടെങ്കിൽ മുൻ സെമസ്റ്ററുകളിലെ അക്കാദമിക് പ്രകടനത്തിന്റെ അടിസ്ഥാനത്തിൽ കോളേജ് തലത്തിൽ റാങ്ക് പട്ടിക തയ്യാറാക്കി മെറിറ്റ് അടിസ്ഥാനത്തിലായിരിക്കും ട്രാൻസ്ഫർ അനുവദിക്കുക. വിശദ വിവരങ്ങൾക്ക് ഫോൺ : 0494 2407152, ഇ-മെയിൽ : transfer@uoc.ac.in , വെബ്സൈറ്റ് : admission.uoc.ac.in .

*പി.ആർ. 1248/2026*

**പി.ജി. ഡിപ്ലോമ ഇൻ ഡാറ്റാ സയൻസ് ആന്റ് അനലിറ്റിക്സ്**
**സീറ്റൊഴിവ്**

കാലിക്കറ്റ് സർവകലാശാലാ കമ്പ്യൂട്ടർ സയൻസ് പഠനവകുപ്പിൽ പ്രോജക്ട് മോഡ് പ്രോഗ്രാം ഇൻ പി.ജി. ഡിപ്ലോമ ഇൻ ഡാറ്റാ സയൻസ് ആന്റ് അനലിറ്റിക്സ് പ്രോഗ്രാമിൽ എല്ലാ വിഭാഗത്തിലും സീറ്റൊഴിവുണ്ട്. താത്പര്യമുള്ളവർ സെപ്റ്റംബർ 10-ന് രാവിലെ 11.00 മണിക്ക് അനുബന്ധ രേഖകളുമായി പഠനവകുപ്പിൽ ഹാജരായി പ്രവേശനം നേടണം. വിശദവിവരങ്ങൾക്ക് ഫോൺ : 8129544376, 04942407325.

*പി.ആർ. 1249/2026*

**പേരാമ്പ്ര റീജ്യണൽ സെന്ററിൽ സീറ്റൊഴിവ്**

പേരാമ്പ്ര ചാലിക്കരയിലുള്ള കാലിക്കറ്റ് സർവകലാശാലാ റീജ്യണൽ സെന്ററിൽ എം.സി.എ., ബി.സി.എ., ബി.എസ്.ഡബ്ല്യൂ. പ്രോഗ്രാമുകൾക്ക് ഓപ്പൺ, സംവരണ വിഭാഗങ്ങളിലും എം.എസ്.ഡബ്ല്യൂ. പ്രോഗ്രാമിന് എസ്.സി., ഇ.ഡബ്ല്യു.എസ്. സംവരണ വിഭാഗങ്ങളിലും സീറ്റൊഴിവുണ്ട്. താല്പര്യമുള്ളവർ എല്ലാ യോഗ്യതാ സർട്ടിഫിക്കറ്റുകളും സഹിതം സെപ്റ്റംബർ 07-ന് രാവിലെ 10.00 മണിക്ക് സെന്ററിൽ ഹാജരാകേണ്ടതാണ്. വിശദ വിവരങ്ങൾക്ക് ഫോൺ : 8594039556, 9656913319.

*പി.ആർ. 1250/2026*

**ഐ.ടി.എസ്.ആറിൽ**
**ബി.കോം. / എം.എ. സോഷ്യോളജി പ്രവേശനം**

വയനാട് ചെതലയത്തുള്ള കാലിക്കറ്റ് സർവകലാശാലാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ട്രൈബൽ സ്റ്റഡീസ് ആന്റ് റിസർച്ചിൽ ( ഐ.ടി.എസ്.ആർ. ) താമസിച്ച് പഠിക്കാവുന്ന ബി.കോം. കമ്പ്യൂട്ടർ ആപ്ലിക്കേഷൻ (04 ഒഴിവ്), എം.എ. സോഷ്യോളജി (09 ഒഴിവ്) പ്രോഗ്രാമുകൾക്ക് സീറ്റൊഴിവുണ്ട്. താത്പര്യമുള്ളവർക്ക് സെപ്റ്റംബർ 11-ന് വൈകിട്ട് 03.00 മണി വരെ ഐ.ടി.എസ്.ആറിൽ എത്തി പ്രവേശനം നേടാം. പട്ടികവർഗ വിഭാഗത്തിൽപ്പെട്ടവർ യോഗ്യതാ സർട്ടിഫിക്കറ്റ്, മാർക്ക് ലിസ്റ്റ്, എസ്.എസ്.എൽ.സി., ക്യാപ് ഐ.ഡി., ടി.സി., കണ്ടക്ട്, കമ്മ്യൂണിറ്റി, ഇൻകം, നേറ്റിവിറ്റി, തുല്യതാ (ആവശ്യമെങ്കിൽ) സർട്ടിഫിക്കറ്റുകൾ, ആധാർ കാർഡ്, ബാങ്ക് പാസ് ബുക്ക്, രണ്ട് പാസ് പോർട്ട് സൈസ് ഫോട്ടോ എന്നിവ സഹിതം ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക് ഫോൺ : (ബി.കോം.) 9048607115, 6238143264. (എം.എ. സോഷ്യോളജി) 9645598986, 6238143264, 9048607115.

*പി.ആർ. 1251/2026*

**മലപ്പുറം സി.സി.എസ്.ഐ.ടിയിൽ**
**സ്പോട്ട് അഡ്മിഷൻ**

മലപ്പുറം പടിഞ്ഞാറ്റുമുറിയിലുള്ള കാലിക്കറ്റ് സർവകലാശാലാ സെന്റർ ഫോർ കമ്പ്യൂട്ടർ സയൻസ് ആന്റ് ഇൻഫർമേഷൻ ടെക്നോളജിയിൽ ( സി.സി.എസ്.ഐ.ടി. ) ബി.സി.എ. ബി.എസ് സി. ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ( എ.ഐ. ), എം.സി.എ. പ്രോഗ്രാമുകൾക്ക് സ്പോട്ട് അഡ്മിഷൻ നേടാം. പ്രവേശനം ആഗ്രഹിക്കുന്നവർ ആവശ്യമായ അസൽ രേഖകൾ സഹിതം സെപ്റ്റംബർ 05-ന് സെന്ററിൽ ഹാജരാകണം. വിശദ വിവരങ്ങൾക്ക് ഫോൺ : 9995450927, 9539682200.

*പി.ആർ. 1252/2026*

**ഡോ. ജോൺ മത്തായി സെന്ററിൽ**
**വിവിധ പ്രോഗ്രാമുകൾക്ക് സീറ്റൊഴിവ്**

തൃശ്ശൂർ അരണാട്ടുകരയിലുള്ള കാലിക്കറ്റ് സർവകലാശാലാ ഡോ. ജോൺ മത്തായി സെന്ററിലെ സെന്റർ ഫോർ കമ്പ്യൂട്ടർ സയൻസ് ആന്റ് ഇൻഫർമേഷൻ ടെക്നോളജിയിൽ (സി.സി.എസ്.ഐ.ടി.)ബി.സി.എ., ബി.എസ് സി. ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (എ.ഐ.), എം.സി.എ. പ്രോഗ്രാമുകൾക്ക് സീറ്റൊഴിവുണ്ട്. പ്രവേശനം ആഗ്രഹിക്കുന്നവർ സെപ്റ്റംബർ 09-ന് മുൻപായി സെന്ററിൽ ഹാജരാകണം. എസ്.സി., എസ്.ടി., ഒ.ഇ.സി. വിഭാഗക്കാർക്ക് ഫീസിളവ് ലഭിക്കും. വിശദവിവരങ്ങൾക്ക് ഫോൺ : 9495130951, 9539833728.

*പി.ആർ. 1253/2026*

**പുനഃപരീക്ഷ**

അഫിലിയേറ്റഡ് കോളേജുകളിൽ ആഗസ്റ്റ് 11-ന് നടത്തിയ രണ്ടാം സെമസ്റ്റർ അഞ്ച് വർഷ ഇന്റഗ്രേറ്റഡ് പി.ജി. (എഫ്.വൈ.ഐ.പി. - സി.ബി.സി.എസ്.എസ് - 2025 പ്രവേശനം) മൈനർ കോഴ്സ് 'SOC02IN103 - The Dynamics of Political Sociology' ( Minor 4 - QP Code : D 145426 ) ഏപ്രിൽ 2026 റഗുലർ പരീക്ഷ റദ്ദാക്കി. പുനഃപരീക്ഷ സെപ്റ്റംബർ 15-ന് നടക്കും. സമയം രാവിലെ 10.00 മുതൽ ഉച്ചക്ക് 12.00 വരെ. പരീക്ഷാ കേന്ദ്രത്തിൽ മാറ്റമില്ല.

***പി.ആർ. 1254/2026***

**മൈനർ ഡിസിപ്ലിൻ സെലക്ഷനും**
**കോഴ്സ് രജിസ്ട്രേഷനും**

മൂന്നാം സെമസ്റ്റർ ബി.വോക്. ( സി.യു.എഫ്.വൈ.വി.പി. - 2025 പ്രവേശനം ) നവംബർ 2026 പരീക്ഷകളുടെ മൈനർ ഡിസിപ്ലിൻ സെലക്ഷനുള്ള ലിങ്ക് സെപ്റ്റംബർ 03 മുതൽ 10 വരെയും കോഴ്സ് രജിസ്ട്രേഷനുള്ള ലിങ്ക് 11 മുതൽ 17 വരെയും ലഭ്യമാകും.

***പി.ആർ. 1255/2026***

**ഒറ്റത്തവണ റഗുലർ സപ്ലിമെന്ററി**
**പരീക്ഷാഅപേക്ഷ**

അഫിലിയേറ്റഡ് കോളേജുകളിലെയും വിദൂര വിഭാഗത്തിലെയും എല്ലാ അവസരങ്ങളും നഷ്ടമായവർക്കുള്ള അഞ്ചാം സെമസ്റ്റർ (സി.യു.സി.ബി.സി.എസ്.എസ്. - യു.ജി. - 2017, 2018 പ്രവേശനം) ബി.എ., ബി.എസ് സി., ബി.എസ് സി. ഇൻ ആൾട്ടർനേറ്റ് പാറ്റേൺ, ബി.കോം., ബി.കോം. ഹോണേഴ്സ്, ബി.ബി.എ., ബി.എം.എം.സി., ബി.സി.എ., ബി.എസ്.ഡബ്ല്യൂ., ബി.ടി.എ., ബി.ടി.എച്ച്.എം., ബി.വി.സി., ബി.എച്ച്.എ., ബി.എ.എച്ച്., ബി.എച്ച്.ഡി., ബി.വി.എസ്., ബി.ടി.എഫ്.പി., ബി.എൽ ഐ.എസ് സി., ബി.ടി.ടി.എം., ബി.എ. അഫ്സൽ - ഉൽ - ഉലമ സെപ്റ്റംബർ 2024 ഒറ്റത്തവണ റഗുലർ സപ്ലിമെന്ററി പരീക്ഷകൾക്ക് സെപ്റ്റംബർ 05 മുതൽ 30 വരെ അപേക്ഷിക്കാം.

***പി.ആർ. 1256/2026***

**പരീക്ഷ**

അഫിലിയേറ്റ് കോളേജ് / സ്കൂൾ ഓഫ് ഡ്രാമ ആന്റ് ഫൈൻ ആർട്സ് / വിദൂര വിഭാഗം / പ്രൈവറ്റ് രജിസ്ട്രേഷൻ വിദ്യാർഥികൾക്കുള്ള വിവിധ യു.ജി. അഞ്ചാം സെമസ്റ്റർ (സി.യു.സി.ബി.സി.എസ്.എസ്. - യു.ജി., സി.ബി.സി.എസ്.എസ്. - യു.ജി. - 2021, 2022, 2023 പ്രവേശനം) നവംബർ 2026 സപ്ലിമെന്ററി / ഇംപ്രൂവ്മെന്റ് പരീക്ഷകൾ ഒക്ടോബർ 16-ന് തുടങ്ങും. വിശദമായ സമയക്രമം വെബ്സൈറ്റിൽ പിന്നീട് പ്രസിദ്ധീകരിക്കും.

***പി.ആർ. 1257/2026***

**പരീക്ഷാഫലം**

ഒന്നാം സെമസ്റ്റർ എം.ആർക്. സസ്റ്റൈനബിൾ ആർകിടെക്ച്ചർ ( 2025 പ്രവേശനം ) ജനുവരി 2026 പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിന് 11 വരെ അപേക്ഷിക്കാം.

നാലാം സെമസ്റ്റർ എം.എസ് സി. കെമിസ്ട്രി (നാനോസയൻസ്), എം.എസ് സി. ഫിസിക്സ് (നാനോസയൻസ്) ( സി.സി.എസ്.എസ് - 2024 പ്രവേശനം ) ഏപ്രിൽ 2026 പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു.

***പി.ആർ. 1258/2026***